# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1580

14/12/2012 ൽ നൽകിയ
താല്കാലിക മറുപടിയ്ക്കുള്ള
പൂർണ്ണമറുപടി

## നാളികേര കർഷർകർ നേരിടുന്ന പ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) കേരളത്തിലെ നാളികേര കർഷകർ നേരിട്ടുകൊണ്ടിരിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) നാളികേരത്തിന്റെ വിലത്തകർച്ച പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) നാളികേരത്തിന്റെ വിലത്തകർച്ച പരിഹരിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ താങ്ങുവില പദ്ധതി പ്രകാരമുള്ള കൊപ്ര സംഭരണം കേരളത്തിൽ നടപ്പിലാക്കി വരുന്നു. 2012 സീസണിലേയ്ക്ക് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവിലയായ മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 5100 രൂപയ്ക്കും ഉണ്ട കൊപ്രയ്ക്ക് ക്വിന്റലിന് 5350 രൂപയ്ക്കും പൊതിച്ച നാളികേരം 1400 രൂപ നിരക്കിലുമാണ് സംഭരണം നടത്തുന്നത്. അതു പ്രകാരം നാഫെഡിന്റെ സ്റ്റേറ്റ് നോഡൽ ഏജൻസികളായ കേരഫെഡും മാർക്കറ്റ്ഫെഡും മുഖേനയാണ് സംഭരണം നടത്തുന്നത്.<br>താങ്ങുവില പദ്ധതി പ്രകാരം കർഷകർക്ക് കൊപ്ര സംഭരണത്തിനാവശ്യമായ സർട്ടിഫിക്കറ്റ് കൃഷി വകുപ്പിൽ നിന്നും നൽകിവരുന്നു. 01-12-12 വരെ കേരഫെഡ് 102 സംഘങ്ങൾ മുഖേന 9646.38 ടൺ മില്ലിംഗ് കൊപ്രയും 1.95 ടൺ ഉണ്ടകൊപ്രയും സംഭരിച്ചിട്ടുണ്ട്. മാർക്കറ്റ്ഫെഡ് 48 സംഘങ്ങൾ മുഖേന 7922.5 |

ടൺ കൊപ്രയും സംഭരിച്ചിട്ടുണ്ട്. സ്വന്തമായി സംസ്ക്കരണ സൗകര്യങ്ങൾ ഉള്ള സംഘങ്ങൾ മുഖേന പച്ച നാളികേരം സംഭരിച്ച് കൊപ്രയാക്കുകയും ചെയ്യുന്നുണ്ട്. ഇപ്പോൾ കൂടുതൽ സംഘങ്ങളെയും നാളികേര ഉൽപാദക സൊസൈറ്റികളെയും പദ്ധതിയിലുൾപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

ഇതിനു പുറമെ നാളികേരത്തിന്റെ മൂല്യവർദ്ധനവിലൂടെയും വൈവിദ്ധ്യവൽക്കരണത്തിലൂടെയും നാളികേര വിലയിടിവിനെ പ്രതിരോധിക്കുന്നതിനായി സംസ്ഥാനത്ത് മൂന്നു കോക്കനട്ട് ബയോ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചു കഴിഞ്ഞു.

(സി) അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള വെളിച്ചെണ്ണ ഇറക്കുമതിക്ക് നിയന്ത്രണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സംസ്ഥാനത്തിനകത്ത് നികുതി ഇല്ലാത്ത സാധനം, പുറത്ത് നിന്ന് കൊണ്ടുവരുമ്പോൾ നികുതി ഈടാക്കുന്നത് ഭരണഘടനാ വിരുദ്ധമാണ്. ആയതിനു പുറമേ പ്രവേശന നികുതി കേരളത്തിൽ അസാധുവാക്കി ഹൈക്കോടതി വിധി പ്രസ്താവിച്ചിട്ടുമുണ്ട്. അതുപോലെ തന്നെ ഒരേ Commodity യ്ക്ക് വ്യത്യസ്ത നികുതി നിരക്കുകൾ VAT നിയമപ്രകാരം അനുവദനീയമല്ലാത്തതിനാൽ അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള വെളിച്ചെണ്ണ ഇറക്കുമതിക്ക് നിയന്ത്രണം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലില്ല.

(ഡി) കൃഷി ഭവനുകൾ വഴി പച്ചതേങ്ങ സംഭരിക്കുന്നത് എപ്പോൾ പ്രാവർത്തികമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(ഡി) കൃഷി ഭവനുകൾ വഴി കാർഷികോൽപ്പന്നങ്ങൾ സംഭരിക്കുന്നതിന്റെ ആദ്യപടിയായി പച്ച നാളികേരം സംഭരിക്കുന്നതിനുള്ള ഒരു പദ്ധതി സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ